## ക ത്തു ക ൾ

# ജനാധിപത്യത്തിലെ രാജ്യസഭ

**ജനാധിപത്യത്തിൽ** ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധിസഭ മാത്രമേ ആവശ്യമുള്ളൂ. അതിനുള്ളതാണ് കേന്ദ്രത്തിലെ ലോക്സഭയും സംസ്ഥാനങ്ങളിൽ നിയമസഭയും. ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കാത്തവരുടെ 'രാജ്യസഭ' എന്നത് ജനാധിപത്യത്തിന്റെ തത്ത്വത്തിനും താൽപര്യത്തിനും ഒട്ടും യോജിക്കാത്തതല്ലേ? ഇതിലേക്കുള്ള അംഗങ്ങളെ 'ഇലക്ട്' ചെയ്യുകയല്ല, മറിച്ച് 'സെലക്ട്' ചെയ്യുകയാണ്. വിജയം ഏറക്കുറെ സുനിശ്ചിതമായ ഇതിലേക്കുള്ള തെരഞ്ഞെടുപ്പ് ഫലത്തിൽ രാഷ്ട്രീയ പാർട്ടികൾക്കിടയിലെ വീതംവെപ്പുമാത്രമാണ്.

തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ താൽപര്യം തോന്നാത്ത, കഴിവും പ്രാപ്തിയുമുള്ള വ്യക്തികളുടെ സേവനം രാഷ്ട്രത്തിന് ലഭ്യമാക്കാൻ വേണ്ടിയാണ് ഈ സംവിധാനം എന്നാണ് വെപ്പ്. സ്വാതന്ത്ര്യാനന്തര ഘട്ടത്തിൽ ഇത് അൽപമൊക്കെ പാലിക്കപ്പെട്ടിരുന്നു. ഇന്ന് പൊതുതെരഞ്ഞെടുപ്പിൽ ജനങ്ങൾ നിരാകരിച്ചവർക്കും മറ്റു പണച്ചാക്കുകൾക്കും മാഫിയകൾക്കുമൊക്കെ എളുപ്പം അധികാരത്തിന്റെ ഇടനാഴികളിൽ കടന്നുകൂടാനുള്ള ഒരു പിൻവാതിൽ സംവിധാനം മാത്രമായി രാജ്യസഭ അധഃപതിച്ചിരിക്കുന്നു. പറയത്തക്കയാതൊരു മെനക്കെടുമില്ലാതെ, അഞ്ചുകൊല്ലം ഉപതെരഞ്ഞെടുപ്പും സ്ഥാനനഷ്ടവും ഭയപ്പെടാതെ, മറ്റു എം.പിമാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും തുല്യമായി അനുഭവിച്ച് സസുഖം വാഴാം! ഭാഗ്യമുണ്ടെങ്കിൽ മന്ത്രിയും പ്രധാനമന്ത്രിയുമാവാം! ഇതാണ് രാജ്യസഭാംഗത്തിനുള്ള പ്രത്യേകത! ലോക്സഭ പാസ്സാക്കിയ ബില്ലുകൾ രാജ്യസഭ പാസ്സാക്കാതിരുന്നാൽ, ലോക്സഭ അത് വീണ്ടും പാസ്സാക്കുകയേ നിയമപരമായി ആവശ്യമുള്ളൂവത്രെ. ഉപരിസഭ എന്ന് പേര് മാത്രമുള്ള, അധികാരമില്ലാത്ത രാജ്യസഭ എന്ന ഖജനാവ് മുടിക്കാൻ മാത്രമുള്ള ഏർപ്പാട് ഇനിയും നമ്മൾ നിലനിർത്തണോ? ഒരു ഭരണഘടനാ ഭേദഗതിയിലൂടെ നിർത്തലാക്കരുതോ?

തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തയാറില്ലാത്ത പ്രാപ്തരുടെ സേവനം ലഭ്യമാക്കണം എന്ന ചിന്തക്ക് ജനാധിപത്യ ഘടനയിൽ പ്രസക്തിയില്ല. ജനാധിപത്യത്തിൽ ജനങ്ങൾ തെരഞ്ഞെടുക്കുക എന്ന ഒരു ശരിയേ ഉള്ളൂ. ജനങ്ങൾ അർഹിക്കുന്നവരെ മാത്രമേ ഒരു ജനതക്ക് നേതാവായി ലഭിക്കൂ. ഇത് ന്യൂനതയായി കാണുന്നവർ, ഏറെ ഗുണമുള്ള ജനാധിപത്യ വ്യവസ്ഥയുടെ ഒരു ന്യൂനതയായി അത് അംഗീകരിക്കുകയേ നിർവാഹമുള്ളൂ.

നമ്മുടെ പ്രധാനമന്ത്രി മൻമോഹൻ സിംഗ് ജീവിതത്തിലൊരിക്കൽ പോലും തെരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീകരിച്ചിട്ടില്ല. ഒരു ജനാധിപത്യ രാജ്യത്തിന്റെ പ്രധാനമന്ത്രി ജനങ്ങൾ തെരഞ്ഞെടുക്കാത്ത ആളാവുകയെന്നത് വിരോധാഭാസമല്ലേ. രാജ്യസഭാഗംങ്ങൾ മന്ത്രിയാവുന്നതിനെയും പ്രധാനമന്ത്രിയാവുന്നതിനെയും പറ്റി നമ്മുടെ ഭരണഘടനാ ശിൽപികൾ ചിന്തിച്ചിരുന്നില്ല എന്നാണ് ഇതിൽനിന്ന് മനസ്സിലാവുന്നത്. പ്രാപ്തരായ വ്യക്തികളടങ്ങുന്ന രാജ്യസഭക്ക് ഒരു ഉപദേശക സമിതിയുടെ സ്ഥാനമേ ഭരണഘടനാ ശിൽപികളുടെ വിഭാവനയിലുണ്ടായിരുന്നുള്ളൂ എന്നുവേണം കരുതാൻ. രാഷ്ട്രീയ ഭിക്ഷാംദേഹികളുടെയും അധികാരക്കൊതിയന്മാരുടെയും ഒരു സഭയായി ഇത് പിൽക്കാലത്ത് മാറുമെന്ന് ഒരുപക്ഷേ അവരാരും കരുതിക്കാണില്ല! ബ്രിട്ടീഷുകാരെ അനുകരിക്കുകയായിരുന്നോ നമ്മുടെ ഭരണഘടനാ നിർമാതാക്കളും? അവിടത്തെ പ്ലിബിസൈറ്റിന് സമാനമായി ഒരു ലോകസഭ, അവരുടെ പ്രഭുസഭക്ക് സമാനമായി ഒരു രാജ്യസഭ, രാജ്ഞിക്ക് പകരം ഒരു റബർ സ്റ്റാമ്പ് പ്രസിഡന്റ്! ബ്രിട്ടനിൽ പ്രഭുസഭ തന്നെ എടുത്ത് കളയുന്നതിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയിട്ട് നാളുകളായി. അവർക്കറിയാം, ജനാധിപത്യത്തിന് യോജിക്കാത്ത ഒരു ഫ്യൂഡൽ സൃഷ്ടിയാണതെന്ന്. എന്നാൽ ഇവിടത്തെ രാഷ്ട്രീയ പ്രഭുക്കന്മാരുടെ സഭയായ രാജ്യസഭക്ക് കൂടുതൽ അധികാരം നൽകുന്നതിനെക്കുറിച്ചാണ് ഈ ജനാധിപത്യ യുഗത്തിലും ഭരണക്കാർ ചിന്തിക്കുന്നത്. ഏതു വിധത്തിൽ സ്ഥാനം നേടിയവരെയും ഭയപ്പെടുകയും ബഹുമാനിക്കുകയും ചെയ്യാനുള്ള നിലവാരമേ ഇവിടത്തെ ജനങ്ങൾക്കുള്ളൂ എന്ന തിരിച്ചറിവാണവർക്കിതിനു ധൈര്യം.

**എം. ഖാലിദ് നിലമ്പൂർ**




# അശ്ലീല കാഴ്ചയോ?

**'വസ്ത്രധാരണത്തിന്റെ** ഇസ്ലാമിക കാഴ്ചപ്പാടിൽനിന്ന് വായിച്ചെടുക്കാവുന്നത്' (ലക്കം 36) എന്ന എ.പി കുഞ്ഞാമുവിന്റെ കത്ത് വായിച്ചു.

കേരളീയ വേഷം മുണ്ട് തന്നെയാണ്. കുറച്ചുകൂടി പിന്നോട്ടുപോയാൽ മുണ്ട് വേറൊരു രൂപത്തിലാണ്. പക്ഷേ ഇപ്പോൾ മുണ്ടിനേക്കാൾ പാന്റ്സ് ധരിക്കുന്ന കേരളീയരാണ് കൂടുതൽ. കാലം മാറുന്നതിനനുസരിച്ച് വേഷങ്ങളിലും മാറ്റങ്ങൾ വരുന്നു; മറ്റു ശീലങ്ങളിലെന്ന പോലെ.

അപ്പോൾ നമ്മൾമാത്രം ആ മാറ്റത്തിന് വിധേയരാവാതെ മാറിനിൽക്കുന്നത് ശരിയോ? ഇസ്ലാമിക കാഴ്ചപ്പാടിന് എതിരല്ലാത്ത രീതിയിൽ ആഭാസകരമല്ലാത്ത പാന്റ്സും പർദയും ധരിക്കുന്നതിൽ എന്താണ് തെറ്റ്? പക്ഷേ ഇന്ന് പാന്റ്സിലും പർദയിലും പരിഷ്കാരത്തിന്റെ പേരിൽ ആഭാസങ്ങളുണ്ട്. അത് എതിർക്കപ്പെടേണ്ടത് തന്നെയാണ്. മുണ്ട് ഉടുക്കുന്നതിലുമുണ്ട് ആഭാസങ്ങൾ. മുണ്ട് മുട്ടിനു മുകളിൽ മടക്കിക്കുത്തി റോഡിലൂടെ നടക്കുന്നതിനെപ്പറ്റി പലരും പറയാറുണ്ടല്ലോ.

നമ്മുടെ നാടിന് ഇണങ്ങുന്നതാകണം വേഷം എന്നകാര്യം ശരിയായിരിക്കാം. എന്നാൽ മാന്യമായ രീതിയിൽ പാന്റ്സും, സുരക്ഷിതത്വം ലഭിക്കുന്നു എന്ന് സ്ത്രീകൾ കരുതുന്ന പർദയും ധരിക്കുന്നത് നമുക്ക് അശ്ലീല കാഴ്ചയായി തോന്നേണ്ടതില്ല.

**എൻ. അബ്ദുല്ലത്വീഫ് മമ്പാട്**

കയും ചെയ്യുന്ന സമൂഹത്തിൽ, മാറ്റങ്ങളെ നിരാകരിക്കുന്നത് കാലത്തോടുള്ള പുറം തിരിച്ചിലാണ്. ഇവിടെയെല്ലാം തിരിച്ചറിവിനുള്ള തുറന്ന മനസ്സാണ് സാഹിത്യ സാംസ്കാരിക പ്രവർത്തകർ കാണിക്കേണ്ടത്.

വസ്ത്രധാരണത്തെക്കുറിച്ച ഈജിപ്ഷ്യൻ ഫത്‌വാ സമിതിയുടെ സുതാര്യമായ ഫത്‌വക്ക് 'തഫ്സീറെ'ഴുതുമ്പോൾ ആ ഫത്‌വയെ അതിന്റേതായ അർഥത്തിലും തെളിമയിലും വക്രതയില്ലാതെ മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന പ്രബുദ്ധ വായനാസമൂഹം ഇപ്പുറത്തുണ്ടെന്ന കാര്യം വിസ്മരിക്കരുത്. എഴുത്തുകാരേക്കാൾ വിവരമുള്ളവരായിരിക്കും ചിലപ്പോൾ വായനക്കാർ. ആദാന പ്രദാനങ്ങൾ നടക്കുക തന്നെ വേണം. വേഷത്തിലും ഭാഷയിലും കൊള്ളക്കൊടുക്കകളുടെ നൈരന്തര്യം പുതിയ സംഭവമൊന്നുമല്ല. ഭാഷകളുടെയും വേഷങ്ങളുടെയും കാര്യത്തിൽ പ്രത്യേകിച്ചും.

ശ്ലീലാശ്ലീലങ്ങളുടെ മാനദണ്ഡം വ്യക്തിഗതമായ അഭിരുചികളിൽ ഒതുക്കുന്നതിനു പകരം മൂല്യനിബദ്ധമായി സമീപിക്കാൻ മനസ്സ് പാകപ്പെടുത്തേണ്ടതുണ്ട്.

**അബ്ദുല്ലക്കോയ കണ്ണങ്കടവ്**

# സഫാരി സൂട്ട് പാശ്ചാത്യമോ?

**കനപ്പെട്ട** ലേഖനങ്ങൾ, ആർജവമുള്ള മുഖക്കുറിപ്പുകൾ, പഠനാർഹവും ശ്രദ്ധേയവുമായ അഭിമുഖങ്ങൾ തുടങ്ങിയവയിലൂടെ പതിറ്റാണ്ടുകളായി കേരളീയ സമൂഹത്തിൽ ബൗദ്ധികവും വൈജ്ഞാനികവുമായ വികാസത്തിന്റെ രാസത്വരകമായി നിലകൊള്ളുന്ന *പ്രബോധനം* വാരിക നിർവഹിച്ചുകൊണ്ടിരിക്കുന്ന ദൗത്യം മഹത്തരമാണ്. എന്നാൽ പ്രബുദ്ധരായ *പ്രബോധനം* വായനക്കാരിൽ നിരാശ സൃഷ്ടിക്കുംവിധം ചില പ്പോഴെങ്കിലും ചില കുറിപ്പുകൾ പ്രത്യക്ഷപ്പെടുന്നുണ്ടോ എന്ന് സംശയം തോന്നുന്നു.

ലക്കം 36-ലെ കത്തുകളിൽ വിലപ്പെട്ട ഒരു പേജ് അപക്വവും അപ്രസക്തവുമായ ഒരു കുറിപ്പിന് നീക്കിവെച്ചത് വായനക്കാരോട് ചെയ്ത അനീതിയാണ്. സമകാലിക വൈജ്ഞാനിക പരിസരത്തൊന്നും പരിഗണിക്കേണ്ടതില്ലാത്ത വിഷയം *പ്രബോധന*ത്തിൽ ഇടം നേടിയതിന്റെ മാനദണ്ഡം എന്താണ്?

സഫാരി സൂട്ട് പാശ്ചാത്യവേഷമാണെന്ന കണ്ടെത്തൽ ആരുടെതാണ്? പരമാബദ്ധങ്ങൾ എഴുന്നള്ളിക്കുന്നതിനു മുമ്പ് അൽപം അവധാനത ആകാമായിരുന്നില്ലേ? കേരളത്തിനു പുറത്ത് ഉത്തരേന്ത്യയിൽ സഫാരി സൂട്ട് വ്യാപകമാണ്. പാശ്ചാത്യമെന്നതിലുപരി പൗരസ്ത്യമാണത്. ഈജിപ്ത്, ഫലസ്തീൻ, ഇറാൻ, ഇറാഖ്, തുനീഷ്യ, മൊറോക്കോ തുടങ്ങിയ രാജ്യങ്ങളിലാണ് സഫാരി വേഷം സുലഭമായിട്ടുള്ളത്. അല്ലെങ്കിൽ നമുക്കെന്തിന് അന്ധമായ ഈ 'പാശ്ചാത്യ' വിരോധം! കുഞ്ഞാമുവിന്റെ 'എ.പി'യുൾപ്പെടെ പലരുടെയും പേരിനു മുമ്പിലെ അക്ഷരങ്ങളും പ്രാദേശിക ഇസ്‌ലാമിക വാദം ഉയർത്തുന്ന ചില മതസംഘടനകളുടെ പേരുതന്നെയും കേരളീയമാണോ?

കുറച്ചു വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന മലയാളിവേഷം അതേപടി ഇന്നുണ്ടോ? എവിടെ കാച്ചിയും കുപ്പായവും ധാവണിയും പാവാടയും മെതിയടിയും ഇസ്തിരി തൊപ്പിയും? അറബിക്കോളേജിലെ അധ്യാപകർ മാത്രം നീണ്ട താടിയും നീളൻ കുപ്പായവും വാലുള്ള തലേക്കെട്ടുമായി ഗതകാല തടവറകളിൽ ചടഞ്ഞുകൂടണമെന്നോ? വളരുകയും വികസിക്കു

## *അൽജസീറ*ക്കൊരു മലയാളം പതിപ്പ്

**ലോക** മാധ്യമങ്ങളിൽ ഇസ്‌ലാംവിരുദ്ധത നിറഞ്ഞുനിൽക്കുന്നുവെന്ന് ആക്ഷേപിച്ചതുകൊണ്ടു മാത്രം കാര്യമില്ല. ഇസ്‌ലാമിനെ പ്രതിനിധീകരിച്ചും പാർശ്വവത്കൃതരുടെ പക്ഷംചേർന്നും ലോക മീഡിയയിൽ സാന്നിധ്യമുറപ്പിക്കാനാണ് നാം ശ്രമിക്കേണ്ടത്. ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്ന ടീം എപ്പോഴും പ്രതിരോധത്തിലൂന്നി മാത്രം കളിച്ചാൽ മതിയാകില്ല. ആക്രമണോത്സുകതയും പ്രകടിപ്പിക്കണം. അപ്രകാരം മാധ്യമരംഗത്തും നമ്മൾ ഭേദിച്ചു കടക്കുന്നവർ (offender) ആയാൽ മാത്രമേ ലക്ഷ്യം നേടാനാകൂ. അതിന് ചുറുചുറുക്കുള്ള, തന്ത്രശാലികളായ, വിജ്ഞാനവും കഴിവുമുള്ള യുവാക്കൾ ആവശ്യമാണ്. ഇസ്‌ലാമോഫോബിയക്കെതിരെ ശക്തമായ യുദ്ധം നയിക്കണമെങ്കിൽ പുതിയ ലോകത്തെക്കുറിച്ച് നല്ല അവബോധം ഉണ്ടാകേണ്ടതുണ്ട്.

മാധ്യമരംഗത്തെ എല്ലാ വമ്പന്മാരെയും അമ്പരപ്പിച്ചുകൊണ്ട് *അൽജസീറ* ഇംഗ്ലീഷ് ചാനൽ 2006 നവംബർ 15ന് തുടക്കംകുറിച്ചപ്പോൾ ലക്ഷ്യമിട്ടത് 40 മില്യൻ പ്രേക്ഷകരെയായിരുന്നെങ്കിൽ, രണ്ടു വർഷം കഴിഞ്ഞപ്പോൾ 120 മില്യൻ വീടുകളിൽ ഇത് ലഭ്യമായി. ബ്രിട്ടീഷുകാർ പോലും ഗൾഫ് യുദ്ധസമയത്ത് *ബി.ബി.സി*യും *സി.എൻ.എന്നും* ഒഴിവാക്കി അൽജസീറയെയാണ് അവലംബിച്ചത്.

ഇന്ന് കേരളത്തിന് ഇത്തരമൊരു ചാനൽ അത്യാവശ്യം തന്നെയാണ്. ഇതിനുവേണ്ടി കഴിവുറ്റ മാധ്യമ പ്രവർത്തകരെ നാം പരിശീലിപ്പിച്ചെടുക്കേണ്ടതുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ തന്നെ പുതിയ തലമുറയിൽനിന്ന് മീഡിയാരംഗത്ത് വഴിത്തിരിവ് സൃഷ്ടിക്കാൻ കഴിയുന്ന ഒരു നിരയെ വാർത്തെടുക്കണം. *അൽജസീറ* ചാനലുമായി ലിങ്ക് ചെയ്തു പ്രവർത്തിക്കാവുന്ന രീതിയും ആലോചിക്കാം.

1985ൽ കേരളത്തിൽ *ദൂരദർശ*ന്റെ ആദ്യ ന്യൂസ് റീഡർമാരിൽ ഒരാളായും തുടർന്ന് എഡിറ്ററായും പ്രവർത്തിക്കാൻ എനിക്ക് അവസരം കിട്ടിയിരുന്നു. താടിയും തൊപ്പിയുംവെച്ച, ഇസ്‌ലാമിനോട് ഒരുപാട് സ്നേഹമുള്ള, വിദ്യാസമ്പന്നരുൾപ്പെടെ പലരും അന്ന് എന്നെ അതിൽനിന്ന് പിന്തിരിപ്പിക്കാനാണ് ശ്രമിച്ചത്. ജീവിതമാർഗം കണ്ടെത്താനാണ് ആ രംഗത്തുനിന്ന് അന്ന് താൽക്കാലികമായി പിന്മാറിയതെങ്കിലും അതൊരു വൻ നഷ്ടമായെന്ന് ഇപ്പോൾ തോന്നുന്നു.

**എ. മുഹമ്മദ് സലീം**
**ഇബ്റ, മസ്കത്ത്**

## സ്വലാത്ത് മജ്‌ലിസ്!

**ജനുവരി** നാലിന് ഞങ്ങളുടെ അടുത്ത പ്രദേശത്ത് ഒരു സ്വലാത്ത് മജ്‌ലിസ് നടന്നു. ഉദ്ഘാടകനെ ആനയിച്ചുകൊണ്ടുള്ള വാഹനജാഥ വല്ലാതെ അസ്വസ്ഥതയുണ്ടാക്കി. ലാളിത്യത്തിന്റെയും വിനയത്തിന്റെയും പര്യായവും പാവപ്പെട്ടവന്റെ പ്രവാചകനുമായിരുന്ന മുഹമ്മദ് നബിയുടെ അനുപമ വ്യക്തിത്വത്തിന്റെ പേരുപറഞ്ഞുകൊണ്ടുള്ള സ്വലാത്ത് ഉദ്ഘാടനത്തിന് നൂറു കണക്കിന് വാഹനങ്ങളാണ് ഗതാഗതം പോലും തടസ്സപ്പെടുത്തിക്കൊണ്ട് അണിനിരന്നത്. ഇതാണോ മുഹമ്മദ് നബിയുടെ മാതൃക! രാഷ്ട്രീയക്കാർ പോലും ഈ ആഡംബര ജാഥ കണ്ട് അന്ധാളിച്ചുപോയി. 'അല്ലാഹുവും അവന്റെ മാലാഖമാരും നബിയുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നു. സത്യവിശ്വാസികളേ നിങ്ങളും നബിയുടെ മേൽ സ്വലാത്തും സലാമും വർഷിക്കുവിൻ' എന്ന് ഖുർആൻ ഉദ്ബോധിപ്പിച്ച കാര്യമാണ്. വിശ്വാസികളെല്ലാം അത് നൂറ്റാണ്ടുകളായി അനുസരിച്ചു വരുന്നുമുണ്ട്. എന്നാൽ കുറച്ചുകാലമായി ഈ സ്വലാത്തും മറ്റും കമ്പോളവത്കരിക്കപ്പെട്ടിരിക്കുകയാണ്. ഭൗതിക ലക്ഷ്യങ്ങൾക്കു വേണ്ടി മതചിഹ്നങ്ങളും കർമങ്ങളും ദുരുപയോഗം ചെയ്തുകൊണ്ടേയിരിക്കുന്നു. പൗരോഹിത്യം വളരുകയും മതം തളരുകയും ചെയ്യുന്നു.

**അലവി വീരമംഗലം**

# വസ്ത്രത്തിനപ്പുറം ചില ആലോചനകൾ

'വസ്ത്രധാരണത്തിലെ ഇസ്‌ലാമിക കാഴ്ചപ്പാടിൽനിന്ന് വായിച്ചെടുക്കാവുന്നത്' എന്ന എ.പി കുഞ്ഞാമുവിന്റെ കത്തിലെ പല വീക്ഷണങ്ങളോടും വിയോജിക്കാതെവയ്യ. 'ശറഇന്റെ പൊതുതത്ത്വത്തിന് വിരുദ്ധമാകാത്ത തദ്ദേശവാസികളുടെ വസ്ത്ര സമ്പ്രദായത്തോട് വേറിട്ടുനിൽക്കുന്നത് മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം ശരിയായ നടപടിയല്ല' എന്ന് ഫത്‌വയിൽ (ലക്കം 31) പറഞ്ഞിട്ടുണ്ട്. അതിൽ കാര്യങ്ങൾ വളരെ വ്യക്തമാണ്. സ്ത്രീ - പുരുഷന്മാരുടെ വസ്ത്രധാരണത്തിന് അടിസ്ഥാനപരമായ നിർദേശം ഇസ്‌ലാം നൽകിയിട്ടുണ്ട്. നിറം, രൂപം തുടങ്ങിയവ അഭിരുചിയും പ്രാദേശിക രീതിയുമനുസരിച്ച് ജനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. വസ്ത്രധാരണം പോലുള്ളവ കാലാനുസൃതം മാറാവുന്നതുമാണ്. കേരളീയ പുരുഷന്മാർ മുമ്പ് മുണ്ടുടുത്തിരുന്നവരാണ്. ഇന്ന് ഏറെ പേരും പാന്റ്സ് ധരിക്കുന്നു. പാവാടക്കാരികൾ ചുരിദാർ ധാരികളായതും കാണാം. മുസ്‌ലിം സ്ത്രീപുരുഷന്മാരുടെ വസ്ത്രധാരണത്തിലും ഈ മാറ്റം കാണാം. ഇതിലൊന്നും ഇസ്‌ലാം ഇടപെട്ടതായി അറിയില്ല. സാരി ഹറാമാക്കുകയും പർദ സുന്നത്താക്കുകയും ചെയ്തതായും അറിയില്ല. വ്യക്തികളുടെ അഭിരുചികൾക്കനുസരിച്ച് അവയിലേതും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഓരോരുത്തനുമുണ്ട്. എല്ലാവിഷയത്തിലും പ്രാദേശികതയെ സ്വീകരിക്കാൻ ഇസ്‌ലാം അനുവദിക്കുമോ? 'ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പ്രാദേശികത' വേണമെന്ന് കുഞ്ഞാമു എഴുതുന്നു. അതനുസരിച്ച് നമസ്കാരം, സകാത്ത്, വിവാഹം, നോമ്പ് തുടങ്ങിയവയിലൊക്കെ നിലവിലുള്ള ഇസ്‌ലാമിക രീതികൾ മാറ്റി പ്രാദേശിക രീതികൾ സ്വീകരിക്കേണ്ടിവരില്ലേ? അനുഷ്ഠാനങ്ങൾ കാല-ദേശ വ്യത്യാസമനുസരിച്ച് മാറ്റാവുന്നതല്ലെന്ന് ഇസ്‌ലാമിന്റെ ബാലപാഠമറിയുന്നവർക്കറിയാം. അനുഷ്ഠാനങ്ങളിൽ പ്രാദേശികതയാകാമെന്ന് ഏതെങ്കിലും പണ്ഡിതനോ ഫത്‌വാ സമിതിയോ മതസംഘടനകളോ പറഞ്ഞിട്ടുണ്ടോ? അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വെള്ളപൂശാനാണ് പ്രാദേശികതാ വാദം സമീപകാലത്ത് ഉയർത്തപ്പെട്ടത് എന്നത് ഇതോടു ചേർത്തുവായിക്കേണ്ടതാണ്.

അടിസ്ഥാനപരമായി ഇസ്‌ലാം സമൂഹങ്ങളുടെ സാംസ്കാരിക, ആചാര, ഭാഷാ, വസ്ത്ര വൈവിധ്യങ്ങളെ നിരാകരിച്ചിട്ടില്ല. എല്ലാവിഭാഗങ്ങളുടെയും നന്മകളെ ആവാഹിക്കുകയാണത് ചെയ്തത്. പ്രവാചകൻ ഇസ്‌ലാമിന്റെ പരസ്യപ്രഖ്യാപനം നടത്തിയത് അറേബ്യൻ സമ്പ്രദായമനുസരിച്ച് സ്വഫാ മലയിൽ കയറിനിന്നുകൊണ്ടായിരുന്നു. അറബികൾ സാധാരണ വിവസ്ത്രരായാണ് അവിടേക്ക് വരാറുണ്ടായിരുന്നത്. പ്രവാചകൻ വസ്ത്രധാരിയായാണ് മലയിൽ കയറിയത്. പ്രാദേശിക രീതികൾ സ്വീകരിക്കുന്നത് വിവേചന സ്വഭാവത്തോടെയാണെന്ന് ഇത് പഠിപ്പിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാകുന്നതൊന്നും 'പ്രാദേശികത'യുടെ പേരിൽ സ്വീകരിക്കാവതല്ല. ഇന്ന് പ്രാദേശിക ആചാരങ്ങളുടെ പേരുപറഞ്ഞ് എഴുന്നള്ളിക്കപ്പെടുന്ന പലതും മുസ്‌ലിംകളിലുണ്ട്. അവയൊക്കെ ഇസ്‌ലാമികാടിത്തറകളിൽനിന്നുകൊണ്ട് നിരൂപണം ചെയ്യുകയും തള്ളേണ്ടത് തള്ളി കൊള്ളേണ്ടത് മാത്രം കൊള്ളുകയും വേണം. ഇസ്‌ലാമിന്റെ വ്യതിരിക്തത ഒരു ന്യൂനതയായി തോന്നേണ്ടതില്ല. ഇസ്‌ലാമിനെ അക്ഷരങ്ങളിൽ മാത്രം വായിച്ചെടുക്കുന്നതാണ് പ്രശ്നം. ബിംബാരാധനയിലും തികഞ്ഞ അജ്ഞതയിലും ഊട്ടപ്പെട്ട ആചാരാനുഷ്ഠാനങ്ങളെ 'പ്രാദേശികത'യുടെ പേരിൽ സ്വീകരിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നില്ല. അനുഷ്ഠാനങ്ങളിൽ പ്രാദേശികത തേടുമ്പോൾ ഇസ്‌ലാമിലെ നമസ്കാരം കേരളത്തിൽ സൂര്യനമസ്കാരമോ മറ്റോ ആക്കി മാറ്റേണ്ടിവരില്ലേ! നോമ്പ്, മത്സ്യ-മാംസാദികളും അരിഭക്ഷണവും ഉപേക്ഷിച്ചുകൊണ്ടുള്ള നോമ്പാവാം. ഇത്തരം സാധ്യതകളുപയോഗിച്ച് ഇസ്‌ലാമിലെ അനുഷ്ഠാനങ്ങളെ പ്രാദേശികവൽക്കരിച്ചാൽ പിന്നെ കുളിപ്പിക്കാൻ കുട്ടിയുണ്ടാവില്ല! അനുഷ്ഠാനങ്ങളിലും പ്രാദേശികതാ സ്വാതന്ത്ര്യമുണ്ടാകാം. അതിന് ഉദാഹരണമാണ് ജുമുഅ ഖുത്വ്ബ. വെള്ളിയാഴ്ചയിലെ ഖുത്വ്ബകൾ പ്രാദേശിക ഭാഷയിലാവാം എന്നത് പണ്ഡിതന്മാർ അംഗീകരിച്ചതാണ്. അനുഷ്ഠാനങ്ങളിലെ പ്രാദേശികതാവാദം ഉന്നയിക്കുന്ന കുഞ്ഞാമു ജുമുഅ ഖുത്വ്ബ മലയാളത്തിൽ നടത്തണമെന്ന് സമസ്തയുടെ ഇരുഗ്രൂപ്പുകളുടെയും പ്രസിദ്ധീകരണങ്ങളിൽ എഴുതുകയോ അവരുടെ വേദികളിൽ പ്രസംഗിക്കുകയോ ചെയ്യുമോ? അനാചാരങ്ങളെ ന്യായീകരിക്കാനായി പ്രാദേശികതാവാദം ഉന്നയിക്കുന്ന മതഗ്രൂപ്പുകൾ, ജുമുഅ ഖുത്വ്ബയുടെ വിഷയത്തിലും മതപണ്ഡിതന്മാരുടെയും മുസ്‌ലിയാക്കന്മാരുടെയും വേഷത്തിന്റെ കാര്യത്തിലും പ്രാദേശികത അംഗീകരിക്കാത്തതെന്ത്? കേരളത്തിലെ മുസ്‌ലിയാക്കന്മാർ ധരിക്കുന്ന തലപ്പാവ് ഉൾപ്പെടുന്ന പ്രത്യേക വെള്ള വസ്ത്രം കേരളീയമാണോ? അറേബ്യൻ-ആഫ്രിക്കൻ രീതിയിലുള്ള മുസ്‌ലിയാക്കന്മാരുടെ തലപ്പാവ് പ്രാദേശിക വൽക്കരിക്കേണ്ടതല്ലേ? അപ്പോൾ കാര്യങ്ങൾ കുഞ്ഞാമു പറഞ്ഞതിന് വിപരീതമാവുകയല്ലേ ചെയ്യുന്നത്?

**അശ്റഫ് എടവരാട്**

# ഇസ്‌ലാമിന്റെ രാഷ്ട്രീയം അംഗീകരിക്കേണ്ടിവരും

**എ.ആർ** എഴുതിയ 'സാമ്പ്രദായിക മതസംഘടനകളുടെ വിഭ്രാന്തികൾ' എന്ന ലേഖനം (ലക്കം 32) ഉറങ്ങുന്നവരെ ഉണർത്താൻ പര്യാപ്തമാണ്. ഉറക്കം നടിക്കുന്നവരെയോ? സമകാലീന രാഷ്ട്രീയത്തിന്റെ ജീർണതയുംപേറി കാലംകഴിക്കാൻ തീരുമാനിച്ചവരിൽനിന്നും മറിച്ചുപ്രതീക്ഷിക്കാമോ? മാലിന്യ കുഴിയിൽ അകപ്പെട്ട ഒരാളുടെ അവസ്ഥ മൗലാനാ മൗദൂദി വരച്ചുകാട്ടുന്നുണ്ട്. ആദ്യമൊക്കെ കുറച്ച് അസ്വസ്ഥത അനുഭവപ്പെട്ടെങ്കിലും പിന്നീട് മാലിന്യക്കൂമ്പാരം തന്നെ ആശ്വാസമായി തോന്നുകയാണ് അയാൾക്ക്. ഇനിയും പിറന്നിട്ടില്ലാത്ത ഒരു രാഷ്ട്രീയ പാർട്ടിക്കെതിരെ മതസംഘടനകൾ ഒന്നായി അണിനിരന്നതിന്റെ കാരണം മനസ്സിലാക്കാൻ ഗവേഷണ പഠനമൊന്നും ആവശ്യമില്ല. നിലവിലുള്ള ഒരു രാഷ്ട്രീയ പാർട്ടിയിലും പ്രവർത്തിക്കുന്നതിനു വിലക്കുകളില്ലാതിരിക്കെ, പുതിയ ഇജ്തിഹാദിന്റെ പൊരുൾ ചോദ്യം ചെയ്താൽ മറുപടിയുണ്ടോ?

ഇസ്‌ലാമിന്റെ സാമൂഹികതയെ ചോദ്യംചെയ്യുന്നവർ, അതിന്റെ സാമ്പത്തിക വ്യവസ്ഥയെക്കുറിച്ച് സെമിനാറും സിമ്പോസിയവും ആവാമെന്ന നിലപാടിൽ എത്തിയിരിക്കുന്നു. ഇസ്‌ലാമിൽ രാഷ്ട്രീയം കാണാത്തവർക്കും സാമ്പത്തികവശം കണ്ടുപിടിക്കാൻ കാലം കുറെ കഴിയേണ്ടിവന്നു. അമേരിക്ക ഉൾപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങളും അന്നാടുകളിലെ സാമ്പത്തിക വിദഗ്ധരും ആ വഴിക്ക് ചിന്തിക്കാൻ തുടങ്ങിയപ്പോൾ തങ്ങളും അംഗീകരിക്കാൻ നിർബന്ധിതരായി എന്നതല്ലേ ശരി? ഇതുപോലെ ഇസ്‌ലാമിന്റെ രാഷ്ട്രീയവും അംഗീകരിക്കേണ്ടിവരുന്ന കാലം വിദൂരമല്ല.

**കെ.എ ജബ്ബാർ അമ്പലപ്പുഴ**